LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2011-12 വാർഷിക പദ്ധതിയിൽ 16 യു.പി. സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തിയിട്ടുണ്ട്. (പ്രസ്തുത സ്കൂളുകൾ 2013-14 അദ്ധ്യയന വർഷം ഹൈസ്കൂളുകളായി പ്രവർത്തനം ആരംഭിച്ചു) ജില്ല തിരിച്ചുള്ള സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 58.12 ലക്ഷം രൂപയാണ് ഓരോ സ്കൂളിനും പദ്ധതി പ്രകാരം ലഭ്യമാക്കുന്നത്. അതിൽ ആദ്യഘട്ടത്തിൽ അനുവദിച്ച 60 സ്കൂളുകളിൽ 57 സ്കൂളുകൾക്ക് 40 ലക്ഷം രൂപ വീതവും ആർ.എം.എസ്.എ. പദ്ധതിയിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്. രണ്ടും മൂന്നും ഘട്ടത്തിൽ അനുവദിച്ച 52 (36+16) സ്കൂളുകൾക്ക് തുക കേന്ദ്ര സർക്കാർ അനുവദിച്ചത് 2015-16 സാമ്പത്തിക വർഷത്തിലാണ്. കെട്ടിട നിർമ്മാണപ്രവർത്തനം ഈ അദ്ധ്യയന വർഷം തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) കെട്ടിട നിർമ്മാണം ആരംഭിക്കാത്ത 52 (36+16) സ്കൂളുകളുടെ കെട്ടിട നിർമ്മാണപ്രവർത്തനം ഈ അദ്ധ്യയന വർഷം തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിന് കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ള 58.12 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ബാക്കി തുക തദ്ദേശസ്വയംഭരണ സ്ഥാപനംവഴി ലഭ്യമാക്കി പണി പൂർത്തീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നത് അതാത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്. ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ പുനർവിന്യാസത്തിലൂടെയും വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിലും പ്രൊട്ടക്ടഡ് വ്യവസ്ഥയിലും നിയമിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ വഴി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വാളകം സി.എസ്.ഐ. ബധിര സ്കൂളിലെ ഹോസ്റ്റൽ വിദ്യാർത്ഥികൾക്കുള്ള ഭക്ഷണവിതരണം

31 (5099) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വാളകം സി.എസ്.ഐ. ബധിര സ്കൂളിലെ ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള കരാർ നൽകിയിരിക്കുന്നത് ആർക്കാണ് ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) ഭക്ഷണ വിതരണത്തിനായി സാധന സാമഗ്രികൾ വിതരണം ചെയ്യുന്ന വകയിൽ എത്ര മുട്ട കുടിശ്ശിക ആയി നൽകാനുണ്ട് ; വ്യക്തമാക്കാമോ ;

(സി) കുടിശ്ശിക മുട്ട നൽകാത്തതിനാൽ കുട്ടികൾക്ക് ഭക്ഷണത്തിനുള്ള സാധന സാമഗ്രികളുടെ വിതരണം നിലയ്ക്കുന്ന സാഹചര്യമുണ്ടോ ;

(ഡി) കുടിശ്ശിക മുട്ട വിതരണം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഭക്ഷണത്തിനായുള്ള സാധനങ്ങൾ വാങ്ങാനായി കരാറിലേർപ്പെടുന്നതും സാധനങ്ങൾ വാങ്ങുന്നതുമെല്ലാം സ്കൂൾ അധികൃതർ നേരിട്ടാണ് ചെയ്യുന്നത്.

(ബി) സ്കൂൾ അധികൃതർ നൽകിയ കണക്കനുസരിച്ച് താഴെപ്പറയുന്ന മുട്ട കുടിശ്ശികയായുണ്ട് :

2013-14	-	₹ 11,19,056.00
2014-15	-	₹ 12,93,311.00
ആകെ		₹ 24,12,367.00

(ഇരുപത്തിനാല് ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റി അറുപത്തി ഏഴ് രൂപ മാത്രം)

(സി) കുടിശ്ശികമൂലം സാധനങ്ങൾ നൽകാൻ കച്ചവടക്കാർ വൈമനസ്യം കാണിക്കുന്നുണ്ട്. എന്നിരുന്നാലും മറ്റ് കച്ചവടക്കാരിൽ നിന്നും സാധനങ്ങൾ വാങ്ങി മുടക്കമില്ലാതെ ഭക്ഷണം വിതരണം ചെയ്യുന്നുണ്ട്.

(ഡി) കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസ്സാസ്

32 (5100) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസ്സാസ് (എസ്.പി.ക്യു.ഇ.എം.)ന്റെ സംസ്ഥാനത്തെ പ്രവർത്തനം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) 2010-11, 2011-12, 2012-13, 2013-14 വർഷങ്ങളിൽ എസ്.പി.ക്യു.ഇ.എം.-ന്റെ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് നീക്കിവച്ചത് ; എത്ര ചെലവഴിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly